
# A U P SCHOOL OORAKAM

SINCE 1952

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025
2026



# പടവുകൾ

# വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : A.U.P.S. Oorakam |
| വിലാസം | : പതിയാർകുളങ്ങര പി.ഒ |
| | പറപ്പൂർ (വഴി) |
| | തൃശൂർ - 680552 |
| ഫോൺ | : 9961410300 |
| സ്കൂൾ കോഡ് | : 24430 |
| വിദ്യാഭ്യാസ ഉപജില്ല | : മുല്ലശ്ശേരി |
| വിദ്യാഭ്യാസജില്ല | : ചാവക്കാട് |
| റവന്യൂജില്ല | : തൃശൂർ |
| ബി.ആർ.സി. | : മുല്ലശ്ശേരി |
| സി.ആർ.സി. | : എസ്.പി.എൽ. അന്നകര |
| ഗ്രാമപഞ്ചായത്ത് | : മുല്ലശ്ശേരി |
| നിയമസഭാമണ്ഡലം | : മണലൂർ |
| ലോകസഭാമണ്ഡലം | : തൃശൂർ |
| താലൂക്ക് | : ചാവക്കാട് |
| വില്ലേജ് | : അന്നകര |
| ഇ.മെയിൽ | : aups@gmail.com |

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. അവസ്ഥാവിശകലനം
4. പദ്ധതിരൂപീകരണം - വിവിധ ഘട്ടങ്ങൾ
5. ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒരുനോട്ടത്തിൽ
6. പദ്ധതി വിവരങ്ങൾ
7. ഉപസംഹാരം

## ആമുഖം

തൃശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിൽ 7-ാം വാർഡായ ഊരകം എന്ന കൊച്ചുഗ്രാമത്തിലാണ് ഊരകം എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ സ്ഥിതിചെയ്യുന്നത്. സ്ഥാപിതമായ ലോവർ പ്രൈമറി സ 'കൂൾ തുടർന്ന് 1962 ൽ അപ്പർ പ്രൈമറി വിദ്യാലയമായി അപ്ഗ്രേഡ് ചെയ്യുകയുണ്ടായി. വിദ്യാലയത്തിന്റെ മാനേജർ ശ്രീ.എ.കെ.ശങ്കുണ്ണിമാസ്റ്റർ തദ്ദേശവാസികളായ കുട്ടികളുടെ യാത്രാക്ലേശം പരിഗണിച്ച് സ്ഥാപിതമായ ഈ വിദ്യാലയത്തിന് ലൈബ്രറി, ലബോറട്ടറി, സ്റ്റാഫ് റൂം, ഓഫീസ് റൂം, മികച്ച ക്ലാസ്മുറികൾ, മൂത്രപ്പുരകൾ, കക്കൂസുകൾ എന്നിവയെല്ലാം അന്നത്തെ നിലയ്ക്കുണ്ടായിരുന്നു. മുല്ലശ്ശേരി ഉപജില്ലയിൽ നടത്തി വരുന്ന ശാസ്ത്രഗണിത ശാസ്ത്രകലാകായികമേളയിൽ സജീവസാന്നിധ്യം ഉറപ്പുവരുത്താൻ വിദ്യാലയാധികൃതർ എക്കാലത്തും ശ്രദ്ധിച്ചിരുന്നു.

ശ്രീ ജനുണ പണിക്കപറമ്പി തന്റെ അച്ഛന്റെ (ശ്രീ ഡോ.പി.കെ.ഗോപാലകൃഷ്ണൻ - കൂർക്കഞ്ചേരി) സ്മരണാർത്ഥം സ്ഥാപിച്ച കമ്പ്യൂട്ടർ റൂം മികച്ച നിലവാരം പുലർത്തുന്നു. എം.പി, എം.എൽ.എ എന്നിവരുടെ പക്കൽ നിന്നും കിട്ടിയ 7 കമ്പ്യൂട്ടറുകളും പ്രവർത്തനക്ഷമമാണ് എന്നതുകൊണ്ടുതന്നെ ഐ.സി.ടി. പ്രയോജ നപ്പെടുത്താൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു. അഭ്യുദയകാംക്ഷികൾ ഏർപ്പെടുത്തിയ സ്കോളർഷിപ്പുകളും സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധങ്ങളായ ഗ്രാന്റുകളും വിദ്യാലയത്തിലെ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നു.

ഭൗതികവും അക്കാദമികവുമായ മികച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി കൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി വിദ്യാലയത്തിലേക്ക് സമൂഹത്തെയും അതുവഴി കുട്ടികളെയും ആകർഷിക്കാനുള്ള ശ്രമത്തിലാണ് സ്മാർട്ട് ക്ലാസ് റൂം, ജൈവവൈവിധ്യപാർക്ക്, കുഴൽകിണർ, എൽ.എസ്.ജി. ഉൾപ്പെടുത്തികൊണ്ടുള്ള വിദ്യാലവികസന മീറ്റിങ്ങുകൾ, അക്കാദമിക പ്ലാൻ എന്നിവ വിദ്യാലയത്തിലെ അധ്യാപ കരും വിദ്യാർത്ഥികളും പി.ടി.എയും തികഞ്ഞ ആത്മവിശ്വാസത്തോടെ ഏറ്റെടുത്തു നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

### നിലവിലുള്ള അധ്യാപകരുടെ പേരും വിദ്യാർത്ഥികളുടെ എണ്ണവും

| STD | ടീച്ചറുടെ പേര് | കുട്ടികളുടെ എണ്ണം (B+G=T) |
|---|---|---|
| Pre Primary | രാഗ പി വി | 6+5=11 |
| 1 | ലിക്ഷ പി ബി | 2+2=4 |
| 2 | ഭാഗ്യ വി ആർ | 3+5=8 |
| 3 | ചിഞ്ചുമോൾ പി വി | 4+2=6 |
| 4 | ചിഞ്ചു ബേബി | 5+3=8 |
| 5 | കൃഷ്ണപ്രിയ കെ എസ് | 3+5=8 |
| 6 | ബ്രിജ കെ | 4+1=5 |
| 7 | ധന്യ കെ കെ | 6+3=9 |
| | ഹിന്ദി അധ്യാപിക അലീന കെ ഫ് | |

## പ്രോജക്ടിന്റെ ആവശ്യകതയും ലക്ഷ്യവും

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ട് വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യത്നത്തിന്റെ ഭാഗമായി എല്ലാ പൊതു വിദ്യാലയങ്ങളിലും മികവാർന്ന ഒട്ടേറെ അക്കാദമിക/ഭൗതീക പ്രവർത്തനങ്ങൾ ഒ.എസ്.എ, പി.ടി.എ, എൽ.എസ്.ജി എന്നിവരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ ഭൂരിഭാഗം വിദ്യാലയ ങ്ങളിലും ഫലപ്രാപ്തിയിലെത്തിയിട്ടുണ്ട് എന്ന വസ്തുത അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രവർത്തനങ്ങൾക്ക് ഉണർവേകുന്നുണ്ട്.

ഓരോ കുട്ടിയുടെയും അറിവും കഴിവും അത്ത് പ്രായഘട്ടത്തിനനുസൃതമായി ഏറ്റവും ഉയർന്നതല ത്തിലേക്ക് എത്തിക്കുന്നതിനായി പഠനനേട്ടങ്ങളെ ബന്ധപ്പെടുത്തി കരിക്കുലം വിഭാഗം ചെയ്യുന്ന പ്രകാരം ഓരോ ക്ലാസിനും പ്രത്യേകം അക്കാദമിക പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികളെ **ആകർഷിക്കത്തക്കവിധം** ബോധനരീതി, പിന്തുണാപ്രവർത്തനങ്ങൾ എന്നിവയിൽ **മാറ്റ ങ്ങൾ വരുത്തികൊണ്ട്** വിദ്യാലയം നേരിടുന്ന അക്കാദമിക പ്രശ്നങ്ങൾ മറികടക്കാൻ ഈ പ്രോജക്ട് **സഹായ കമാകുന്ന പ്രതീക്ഷയോ**ടെ നിർവ്വഹണത്തിലേക്ക് കാലെടുത്ത് വയ്ക്കുകയാണ്.

### അവസ്ഥാവിശകലനം

**ഇംഗ്ലീഷ് ബോധനമാധ്യമത്തിന്റെ** അഭാവം, ഭൗതീക സാഹചര്യങ്ങളുടെ നിലവാരക്കുറവ്, **ഭൂമിശാസ്ത്ര പരമായ** പ്രത്യേകതകൾ, പബ്ലിസിറ്റിയുടെ അഭാവം, രക്ഷാകർത്തൃക്കളുടെ **പങ്കാളിത്തകുറവ്, നൂതന** പഠന തന്ത്രങ്ങളുടെ അപര്യാപ്തത എന്നിവ മൂലം വലിയ തോതിൽ **കുട്ടികളുടെ എണ്ണം കുറഞ്ഞു**കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്.

**അക്കാദമികവും ഏറ്റെടുത്തു** നടത്തുന്ന പ്രവർത്തനങ്ങളും സമൂഹമധ്യത്തിലേക്ക് എത്തിച്ച് **രക്ഷാകർത്താക്കളുടെ ഇടയിൽ** പോസറ്റീവ് മനോഭാവം ഇനിയും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. **സമയബന്ധിതമായി ആസൂ ത്രണം** ചെയ്ത പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ട് വിദ്യാലയമികവ് **നേടുമെന്ന പ്രതീക്ഷയോടെ** അക്കാദ മിക മാസ്റ്റർ പ്ലാൻ പി.ടി.എ.യുടെ അനുമതിയോടെ **കുട്ടികളുടെയിടയിലേക്ക്** ലളിതമായ പ്രവർത്തനങ്ങളി ലൂടെ മികച്ച അക്കാദമിക **നിലവാരത്തിലേക്കുള്ള** പ്രയത്നത്തിനായി പ്രയത്നിച്ചുകൊണ്ട് എല്ലാ അധ്യാപ കരും തങ്ങളുടെ **പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.**

## പദ്ധതി രൂപീകരണം

- എസ്.ആർ.ജി.ചർച്ച
- കാസടിസ്ഥാനത്തിൽ അക്കാദമിക പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കൽ
- കരട് രൂപരേഖ, എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കാൻ
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൽ കൂട്ടിച്ചേർക്കൽ
- പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

- അക്കാദമിക പ്രവർത്തനങ്ങൾ
- മാതൃഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ശാസ്ത്രപോഷണ പരിപാടി
- ഇംഗ്ലീഷ് പഠന പരിപോഷണം
- ഹിന്ദി പഠനപരിപോഷണം
- വായന പരിപോഷണം
- ലാബോറട്ടറി ആധുനികവത്കരിക്കൽ
- പ്രതിഭാ പോഷണ പരിപാടി
- ജൈവവൈവിധ്യപാർക്ക്
- പഠനയാത്രകൾ
- കലാകായികമേള
- ക്ലാസ് പി.ടി.എ സജീവമാക്കൽ
- പ്രവൃത്തി പരിചയപഠനം
- എസ്.ആർജി ശാക്തീകരണം
- പോഷകാഹാര ബോധവൽക്കരണം
- ഗണിതലാബ്- ഗണിതാന്തരീക്ഷമൊരുക്കൽ
- ദിനാചരണം.

## പദ്ധതി വിശദാംശങ്ങൾ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി ഉപമേഖല ഇംഗ്ലീഷ് ഭാഷാപഠനം | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | കുട്ടികൾ ഇംഗ്ലീഷ് അസംബ്ലി അവതരിപ്പിക്കുന്നു (ഓരോ ക്ലാസുകാരും ഇടവിട്ട് അവതരണം) | ആഴ്ചയിൽ । ഇംഗ്ലീഷ് അധ്യാപകൻ | |
| ഇംഗ്ലീഷ് ഡയറി ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | നിത്യേന നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ । ഇംഗ്ലീഷ് അധ്യാപിക | |
| ഇംഗ്ലീഷിൽ കത്തെഴുത്ത് ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം | രചനയിൽ പ്രാവീണ്യം നേടൽ | ക്ലാസിലെ കുട്ടികൾ തമ്മിൽ ഇംഗ്ലീഷിൽ പാട്ടുകൾ | മാസത്തിൽ । ഇംഗ്ലീഷ് അധ്യാപിക | |
| ഇംഗ്ലീഷ്ഫെസ്റ്റ് ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം | ഇംഗ്ലീഷ് ഭാഷാ നൈപുണി വർദ്ധിപ്പിക്കുക | തെരഞ്ഞെടുത്ത പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുക | വർഷത്തിൽ । ഇംഗ്ലീഷ് അധ്യാപിക | 2000 |
| മലയാളം വാക്കുകളുടെയും വാചകങ്ങളുടെയും ട്രാൻസലേഷൻ | കമ്മ്യൂണിക്കേറ്റീവ് സ്കിൽ വർദ്ധിപ്പിക്കുക | ലളിതമായ മലയാളം വാക്കുകളും പദങ്ങളും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുക | ആഴ്ചയിൽ । ഇംഗ്ലീഷ് അധ്യാപിക | |
| ഗ്രാമർ ക്ലാസുകൾ | വ്യാകരണശുദ്ധി ഉറപ്പുവരുത്തുക | വ്യാകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | ഓരോ ടേമിലും । ഇംഗ്ലീഷ് അധ്യാപിക | |
| ഉപമേഖല മലയാള ഭാഷാപോഷണ പരിപാടി | മലയാളം തെറ്റുകൂടാതെ എഴുതാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കൽ | മലയാളത്തിളക്കത്തിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു. | എല്ലാ ദിവസവും ഉച്ചക്ക് അരമണിക്കൂർ മലയാളം അധ്യാപിക | പിടിഎ 500 |
| ഗ്രന്ഥശാലാശാക്തീകരണം ഉപമേഖല മലയാളഭാഷാശേഷികളുടെ വികസനം | മലയാളഭാഷയിലെ വിവിധ സാഹിത്യരചനകൾ പരിചയപ്പെടാനുള്ള അവസരമൊരുക്കൽ | കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ, ക്രമീകരിക്കൽ, വിതരണം, രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | മാസത്തിൽ । ക്ലാസ്ടീച്ചർ | |

| പരിപാടി | ലക്ഷ്യം | പ്രവർത്തനം | കാലം/ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ക്ലബ് രൂപീകരണം [illegible] | ഹിന്ദിഭാഷാപഠനം ലളിതമാക്കാൻ | 5 മുതൽ 7 വരെയുള്ള കുട്ടികൾക്ക് പേര്/ക്ലാസ്/ഡിവിഷൻ/ സ്കൂൾ/വിലാസം ഉൾപ്പെടെയുള്ള കാർഡ് | വർഷത്തിൽ 1 ഹിന്ദി അധ്യാപകർ | 1000/- സംഭാവന |
| [illegible] ഉപമേഖല ഹിന്ദി ഭാഷാ പഠനം | ആശയവിനിമയം സുതാര്യമാക്കൽ | എല്ലാ വിദ്യാർത്ഥികൾക്കും ഒരു പുതിയ വാക്ക് പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ 1 ഹിന്ദി അധ്യാപകർ | |
| ഹിന്ദി ലൈബ്രറി ഉപമേഖല ഹിന്ദി ഭാഷാപഠനം | ഭാഷയിൽ പ്രാവീണ്യം നേടാനുള്ള സാഹചര്യമൊരുക്കുന്നു. | ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ച് ശേഖരിച്ച പുസ്തകങ്ങൾ വായിക്കുന്നു. | ആഴ്ചയിൽ 1 ഹിന്ദി അധ്യാപകർ | |
| ഹിന്ദി അസംബ്ലി ഉപമേഖല ഹിന്ദി ഭാഷാപഠനം | വിദ്യാലയത്തിൽ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കൽ | അസംബ്ലി നടത്തൽ | ആഴ്ചയിൽ 1 ഹിന്ദി അധ്യാപകർ | |
| ഹിന്ദി കോർണർ ഉപമേഖല ഹിന്ദി ഭാഷാപഠനം | അവതരണത്തിനുള്ള അവസരം ഒരുക്കൽ | ഹിന്ദിയിൽ അവതരണത്തിനുള്ള സന്ദർഭം നൽകുന്നു. | ആഴ്ചയിൽ 1 ഹിന്ദി അധ്യാപകർ | |
| ദിനാചരണങ്ങൾ (ഹിന്ദിയിൽ) ഉപമേഖല ഹിന്ദി ഭാഷാപഠനം | ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കൽ | വാർത്തകൾ/മഹത് വചനങ്ങൾ/വായനാകുറിപ്പ് എന്നിവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം ഷ്ടിക്കുന്നു. | മാസത്തിൽ 1 ഹിന്ദി അധ്യാപകർ | |
| ഹിന്ദി ഡയറി ഉപമേഖല ഹിന്ദി ഭാഷാപഠനം | ഹിന്ദി ഭാഷ സുതാര്യമാക്കൽ | ഹിന്ദി പിരയഡുകളിൽ ഏതാനും സമയം നിത്യേന നടന്ന സംഭവങ്ങളെ ഡയറിയിൽ എഴുതാൻ സന്ദർഭമൊരുക്കുന്നു. | എല്ലാ ദിവസവും ആഴ്ചയിൽ 3 ഹിന്ദി അധ്യാപകൻ | |
| ഹിന്ദി ബാലസഭ ഉപമേഖല ഹിന്ദി ഭാഷാപഠനം | ആശയവിനിമയം മികവുറ്റതാക്കുന്നു | അവതരണത്തിന് സഹായമൊരുക്കലും അവതരണവും നടത്തുന്നു | മാസത്തിൽ 1 ഹിന്ദി അധ്യാപകൻ | |
| ഹിന്ദി കയ്യെഴുത്ത് ഉപമേഖല ഹിന്ദി ഭാഷാപഠനം | ഹിന്ദി ഭാഷ ലളിതമാക്കുന്നു. ലേഖനം മികവുറ്റതാക്കുന്നു | വിദ്യാർത്ഥികൾക്ക് അവരുടെ രചനകൾ തയ്യാറാക്കുന്നു. | വർഷത്തിൽ 1 ഹിന്ദി അധ്യാപകൻ | |

പ്രവർത്തനം

പേര് :ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാശ്വതമാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എച്ച്.എം, പി.ടി.എ | 1000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം

പേര് :നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | ടേമിൽ 1 | ഭാഷാധ്യാപകർ | |

പ്രവർത്തനം

പേര് :അഭിമുഖങ്ങൾ/സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി | പി.ടി.എ 1000/- |

പ്രവർത്തനം

**പേര് : രചനാശില്പശാല**

**ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ. വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സുമുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | ഒരേമിൽ । പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 2000/- പി.ടി.എ) |

**പ്രവർത്തനം**

**പേര് : ദിനാചരണങ്ങൾ**

**ഉപമേഖല : ഭാഷ/വിഷയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വിവിധ ശേഷികളുടെ വികസനം | ജൂൺമുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്. ആർ.ജി. | |

പ്രവർത്തനം

**പേര് : ഗണിതലാബ് സജ്ജീകരിക്കൽ**

**ഉപമേഖല : അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| **ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ** | **വിദ്യാലയത്തിലെ** ഒരു മുറിയിൽ ഗണി**തലാബ് സ**ജ്ജമാക്കൽ. ലാബിൽ വച്ച് **ഗണിത ക്ലാസ്** നടത്തൽ | ആവശ്യാനുസരണം | എസ്. ആർ.ജി ഗണിത ക്ലബ്ബ് | |

പ്രവർത്തനം

പേര് : പ്രതിഭാപോഷണപരിപാടി

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൾ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനക്ലാസുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | ഒഴിവുസമയങ്ങൾ | എസ്.ആർ.ജി. എസ്.എസ്.ജി. | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ്ബ് | 2,000 പി.ടി.എ |

പ്രവർത്തനം

പേര് : ഗണിത പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | ഗണിത ക്ലബ്ബ് | 1,000 പി.ടി.എ |

പ്രവർത്തനം

**പേര് : ശാസ്ത്രലാബ് നവീകരിക്കൽ**

**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ്ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

**പ്രവർത്തനം**

**പേര് : ശാസ്ത്രപോഷണ പരിപാടി**

**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ്ബ് | 2,000 എസ്.എസ്.ജി. |

**പ്രവർത്തനം**

**പേര് : സാമൂഹ്യശാസ്ത്രലാബ്**

മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം **കൂടുതൽ ശാസ്ത്രീയമാക്കുക** | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 2,000 പി.ടി.എ |

പ്രവർത്തനം

പേര് : ക്ലാസ് പി.ടി.എ.സജീവമാക്കൽ

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | ... |

പ്രവർത്തനം

പേര് : പോഷകാഹാരപരിപാടി

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമെനു വെച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം. പി.ടി.എ | 5000/- സി. എസ്.ആർ. ഫണ്ട് |

പ്രവർത്തനം

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | - |

പ്രവർത്തനം

പേര് : ശാസ്ത്രമാജിക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | വർഷത്തിൽ 1 വീതം | ശാസ്ത്രാധ്യാപിക | - |

പ്രവർത്തനം

പേര് : പ്രാചീന ആഹാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്നും ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്. ആർ.ജി. പി.ടി.എ | - |

പ്രവർത്തനം

പേര് : ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത് (ബോധവൽക്കരണം)

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ്ഫുഡിന്റെ ഗുണദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്. ആർ.ജി. | - |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാകൂട്ടം രൂപീകരിക്കൽ ഉപമേഖല ഭാഷാ പോഷണ പരിപാടി | ദിനപ്പത്ര വായനക്കാരാക്കുക | വായനാമൂല, ക്ലാസ് ലൈബ്രറി എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒഴിവുസമയങ്ങളിൽ ക്ലാസ് വായന | | |
| ക്ലാസ് ലൈബ്രറി വിപുലീകരണം ഉപമേഖല ഭാഷാ പോഷണം | വായനയുടെ പരിപോഷണം | കുട്ടികളുടെ സഹായത്തോടെ പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ് ലൈബ്രറി വിപുലീകരിക്കുന്നു. | കുട്ടികൾ/ബർത്ത്ഡേ ഗിഫ്റ്റ്, പഴയ പുസ്തകങ്ങൾ എന്നിവ കൈമാറുന്നു. | |
| സമീപഗ്രന്ഥശാല . അംഗത്വം ഉപമേഖല ഭാഷ/വിഷയം പോഷണ പരിപാടി | രചനാവൈഭവം, വായന എന്നിവ പ്രോത്സാഹിപ്പിക്കുക | അംഗത്വം നേടിക്കൊടുക്കൽ, പുസ്തകം തെരഞ്ഞെടുക്കാൻ സഹായിക്കൽ | ക്ലാസ് ടീച്ചർ /ടേമിൽ 1 തവണ | |
| സംഖ്യാകാർഡും ചതുഷ് ക്രിയകളും ഉപമേഖല- ഗണിത പഠനം | ഗണിതാപരമായ പിന്നോക്കാവസ്ഥ പരിഗണിക്കൽ | പ്രീടെസ്റ്റ് (26/6) സങ്കലനം ഉറപ്പിക്കൽ വ്യവകലനം ഉറപ്പിക്കൽ സംഖ്യാ കാർഡ് നൽകൽ പാറ്റേൺ പൂർത്തിയാക്കൽ, വിട്ടുപോയ കള്ളങ്ങൾ പൂർത്തിയാക്കൽ ഗുണനപട്ടിക രൂപീകരണം സംഖ്യാകാർഡിൽ നിന്ന് ഗുണനവസ്തുതകൾ കണ്ടെത്തൽ എണ്ണി എഴുതൽ, കൂട്ടങ്ങളാക്കൽ, അളവുകൾ കണ്ടെത്തൽ കൃത്യമായി അളക്കൽ | മാസത്തിൽ 1 | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | കൂടുതൽ, കുറവ് കണ്ടെത്തൽ | | | |
| സംഖ്യാഗാനങ്ങൾ ഉപമേഖല ഗണിതപഠനം | ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടൽ | എണ്ണിയെടുക്കൽ, കൂട്ടങ്ങളാക്കൽ, മാറ്റിവെക്കൽ സംഖ്യാറിബൺ, അബാക്കസ്, അളവുപാത്രങ്ങൾ, തൂക്കക്കട്ടകൾ, മീറ്റർ സ്കെയിൽ, അളവുപാത്രങ്ങൾ, പഴയതും പുതിയതും കണക്കിലെ കളികൾ, കലണ്ടർ നിർമ്മാണം,ക്ലോക്ക് നിർമ്മാണം സമയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഗണിതപ്പതിപ്പ് അളവുപാത്രവുമായി ബന്ധപ്പെട്ട പ്രവർത്തനം | ആഴ്ചയിൽ 2 | ക്ലാസ് ടീച്ചർ | |
| രൂപങ്ങൾ ഉപമേഖല- ഗണിതപഠനം | | സംഖ്യകളെ താരതമ്യം ചെയ്യുക, വ്യാഖ്യാനിക്കുക, സങ്കലനം, വ്യവകലനം, (പുനക്രമീകരണം ഉള്ളതും ഇല്ലാത്തതും) വിവിധ രൂപങ്ങൾ ചുറ്റളവ്, മതിക്കുക, ഭാരം അളക്കുക, താരതമ്യം ചെയ്യുക, ഭാരവ്യത്യാസം കണ്ടെത്തുക, കൂലി, തൊഴിൽ സ്ഥലങ്ങളിലെ ഗണിതം വ്യാപാരസ്ഥാപനങ്ങളിലെ ഗണിതസാധ്യത ഇമിയൽ, ഗ്രിഡിൽ നിന്ന് സങ്കലന ഗുണനാവ | ടേമിൽ 1 | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | | സ്തുതകൾ കണ്ടെത്തുന്നു. | | |
| പാറ്റേണുകൾ ഉപമേഖല ഗണിതപഠനം | വിവിധ പാറ്റേണുകൾ കണ്ടെത്തുന്നു. | സങ്കലനഗുണനവസ്തുത എഴുതിയ ഗ്രിഡിൽ നിന്ന് പാറ്റേണുകൾ കണ്ടെത്തുന്നു. സംഖ്യാകോണി, ഗുണനബോർഡ്, | ടേമിൽ 1 | ക്ലാസ് ടീച്ചർ |
| അളവുകൾ പരിചയപ്പെടാം (തൂക്കം) | ഭാരത്തിന്റെ അളവുകൾ തിരിച്ചറിയുന്നു. | ത്രാസ്, തൂക്കക്കട്ടകൾ | ടേമിൽ 1 | ക്ലാസ് ടീച്ചർ |
| ഗണിതലാബ് ഉപമേഖല ഗണിതപഠനം | | 24 മണിക്കൂർ ക്ലോക്ക്, സംഖ്യാശ്രേണി, സംഖ്യാചിത്രം, സംഖ്യാകാർഡ്, ഹരണക്രിയ ചെയ്യുന്നതിന് വ്യത്യസ്തമാർഗ്ഗങ്ങൾ കണ്ടെത്തൽ, അക്ഷരകൗതുകം, കളിനോട്ടുകൾ | ആഴ്ചയിൽ 1 | ക്ലാസ്ടീച്ചർ 1000 |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മേനിപറച്ചിൽ (ശാസ്ത്രകൗതുകം) ഉപമേഖല ശാസ്ത്രപഠനം | പ്രൈമറിതലത്തിൽ ശാസ്ത്രപഠനം മെച്ചപ്പെടുത്തൽ | പ്രിടെസ്റ്റ് (2.6.17) ശാസ്ത്രകൗതുകങ്ങൾ മേനിപറച്ചിൽ കടലാസു കൊണ്ടൊരു മീൻ, കരയിൽ വസിക്കുന്നവ, ജലത്തിൽ വസിക്കുന്നവ | ആഴ്ചയിൽ 1 ക്ലാസ്ടീച്ചർ | |
| ഫീൽഡ്ട്രിപ് (കുളം, വയൽ) ഉപമേഖല സാമൂഹ്യശാസ്ത്രപഠനം | നിരീക്ഷണപാടവം വർദ്ധിപ്പിക്കുക | ഫീൽഡ്ട്രിപ് (കുളം, വയൽ) സസ്യങ്ങളുടെ വേരുപടലം നാരുവേരുപടലം, [illegible] | വർഷത്തിൽ 2 / ക്ലാസ് ടീച്ചർ | [illegible] |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | സം, സമാന്തര സിരാവിന്യാസം പട്ടികപ്പെടുത്തൽ, ചിത്രം നിരീക്ഷിക്കൽ, ചിത്രം വരക്കൽ | | |
| ലഘുപരീക്ഷണങ്ങൾ ഉപമേഖല ശാസ്ത്രപഠനം | ശാസ്ത്രബോധം വളർത്തൽ | ലഘുപരീക്ഷണം, നിരീക്ഷണം, ലഘുപ്രോജക്ട്, വാർത്താകൊളേഷുകളുടെ വിശദീകരണം, വിവരശേഖരണം, ചിത്രവായന | ക്ലാസ്ടീച്ചർ | 500 |
| ചിത്രവായന ഉപമേഖല സാമൂഹ്യസാസ്തരപഠനം | നിരീക്ഷണപാടവം വർദ്ധിപ്പിക്കൽ | കുറിപ്പുതയ്യാറാക്കൽ കുറിപ്പുവാടന ഐസിടി സാധ്യതകൾ, ചിത്രവായ, വിവരശേഖരണം | ആഴ്ചയിൽ I ക്ലാസ്ടീച്ചർ | |
| സ്വാതന്ത്ര്യസമരഗാനങ്ങൽ ശേഖരിക്കൽ | രാജ്യസ്നേഹം വർദ്ധിപ്പിക്കൽ | സ്വാതന്ത്ര്യസമരഗാനങ്ങൾ ശേഖരിക്കൽ, ചിത്രനിരീക്ഷണം, നിരീക്ഷണക്കുറിപ്പുതയ്യാറാക്കൽ, ചർച്ച, വള്ളംകളി | ആഴ്ചയിൽ I ക്ലാസ്ടീച്ചർ | |
| ആൽബങ്ങൾ നിർമ്മിക്കൽ ഉപമേഖല സാമൂഹ്യശാസ്ത്രപഠനം | നിർമ്മാണ പ്രവർത്തനങ്ങളോട് ആഭിമിഖ്യം വളർത്തൽ | ചിത്രചാർട്ടുകൾ ആൽബങ്ങൾ നിർമ്മാണപ്രവർത്തനം പട്ടിക തയ്യാറാക്കൽ, ലഘുപരിക്ഷണം, ആകാശനിരീക്ഷണം, വായനാകുറിപ്പ്, പൗർണമി, അമാവാസി കലണ്ടർവായന, ചിത്രശേഖരണം, ലഘുലേഖകൾ, പത്രകട്ടിംഗ്സ്, ലഘുപരീക്ഷണങ്ങൾ, വായുവിലെ ജലബാഷ്പം തെളിയിക്കൽ, ഭൂപടവായന, കുറിപ്പുതയ്യാറാക്കൽ, ദിശാചിഹ്നങ്ങൾ വടക്കുനോക്കിയന്ത്രം പരിചയപ്പെ | വർഷത്തിൽ I ക്ലാസ് ടീച്ചർ | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | ടൽ | | |
| പ്രദർശനം<br>ഉപമേഖല സാമൂഹ്യ ശാസ്ത്രപഠനം | മികവുകൾ പ്രകടിപ്പിക്കാനുള്ള വേദി ഒരുക്കൽ/ അവതരണമികവ് വർദ്ധിപ്പിക്കൽ | നിറംകൊടുക്കൽ<br>സംസ്ഥാനങ്ങളുടെ പേരെഴുതൽ ചിത്രവായന പ്രദർശനം( സ്റ്റാമ്പ്) | വർഷത്തിൽ<br>1<br>കുട്ടികൾ | 1000 |
| അഭിമുഖം<br>ഉപമേഖല ശാസ്ത്രപഠനം | പ്രചോദനം ഉൾക്കൊള്ളൽ | ഇന്റർനെറ്റ്, അഭിമുഖം, മണ്ണിൽ വായുവുണ്ട് പരിശീലനം<br>ഫസ്റ്റ് എയ്ഡ് ബോക്സ് ക്രമീകരിക്കൽ<br>വിവരശേഖരണം,<br>പ്രാദേശിക ചരിത്രരചന, ചരിത്രസ്മാരകങ്ങൾ സന്ദർശിക്കൽ,<br>അഭിമുഖം, ചർച്ചാക്ലാസ് - വാർഡുമെമ്പർ<br>വായനാകുറിപ്പ് | വർഷത്തിൽ<br>1<br>എസ്.ആർ.ജി | 1000 |
| സിഡിപ്രദർശനം<br>ഉപമേഖല- ഗണിതപഠനം | പിന്നോക്കത്തിൽ നിൽക്കുന്ന കുട്ടികൾക്ക് ഒരു കൈതാങ്ങ്<br>ഐസിടി | ഐസിടി സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് കാഴ്ചയും കേൾവിയും സാധ്യമാക്കുന്നു. | | |
| സംഖ്യാറിബൺ<br>ഉപമേഖല -ഗണിതപഠനം | സംഖ്യാബോധം ഉറപ്പിക്കൽ | 1)സംഖ്യകൾ പരിചയപ്പെടുന്നു. 1-5<br>2)എണ്ണിയെടുക്കുന്നു. (1-5)<br>3)കൂട്ടങ്ങളാക്കുന്നു.(1-5)<br>4)കൂടുതൽ കുറവ് കണ്ടെത്തുന്നു. (1-5)<br>5)1-9 വരെ പരിചയപ്പെടുന്നു.<br>6)എണ്ണിയെടുക്കുന്നു. (1-9)<br>7)കൂട്ടങ്ങളാക്കുന്നു. (1-9)<br>8)കൂടുതൽ കുറവ് കണ്ടെത്തുന്നു. (1-9) | മാസത്തിൽ<br>1<br>ക്ലാസ് ടീച്ചർ | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | 9)സങ്കലനം പരിചയപ്പെടുന്നു.<br>10)വ്യവകലനം പരിചയപ്പെടുന്നു<br>10 ന്റെ കൂട്ടവും അതിൽ<br>ചെറിയ കൂട്ടങ്ങളും ചേർത്ത്<br>പുതിയ കൂട്ടങ്ങൾ ഉണ്ടാകുന്നു.<br>(10-19)<br>പത്തുകളുടെ കൂട്ടങ്ങൾ<br>ചേർന്നുണ്ടാകുന്ന വലിയ കൂട്ട<br>ങ്ങൾ എണ്ണം പരിചയപ്പെടുന്നു.<br>10,20, 30,. . . 1000<br>20 നോട് 1 മുതൽ 9 വരെ<br>ചേർത്ത് 21 മുതൽ 29 വരെ<br>പരിചയപ്പെടുന്നു.<br>ഇതുപോലെ 10 കളുടെ കൂട്ടങ്ങ<br>ളോട് ചേർത്ത് 99 വരെ സംഖ്യ<br>കൾ പരിചയപ്പെടുന്നു. സംഖ്യാ<br>വ്യാഖ്യാനം ആശയപരമായി<br>പിന്നോക്കം നിൽക്കുന്നവർക്ക്<br>പ്രത്യേകം ക്ലാസ്,<br>വിട്ട സംഖ്യകൾ പൂർത്തിയാ<br>ക്കുക<br>വിട്ടുപോയ സംഖ്യ കണ്ടുപിടി<br>ക്കുക.<br>ക്രമീകരിക്കുക<br>45,54 ഇവയിൽ വലിയ സംഖ്യ<br>ഏത്<br>20 ഉം 9 ഉം 29<br>. ഉം 9 . 59<br>പൂരിപ്പിക്കുക<br>കളം പൂർത്തിയാക്കുക<br>ഏറ്റവും വലിയ സംഖ്യ എവു | | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | തുക<br>കൂട്ടത്തിൽ നിന്ന് ചെറിയ സംഖ്യ എഴുതുക | | |
| രൂപങ്ങൾ ശേഖരണം ഉപമേഖല ഗണിത പഠനം | താരത്യം/നിരീക്ഷണ പാടവം വർദ്ദിപ്പിക്കൽ | വർക്ക്ഷീറ്റ് പൂർത്തിയാക്കുക<br>വിവിധരൂപത്തിലും ആകൃതിയിലുമുള്ള വസ്തുക്കൾ നിരീക്ഷിക്കൽ<br>ശേഖരണം<br>താരതമ്യം ചെയ്യൽ<br>പരസ്പരബന്ധം കണ്ടെത്തുന്നു.<br>തരംതിരിക്കുന്നു<br>വ്യത്യസ്ത രൂപങ്ങൾ വരക്കുകയും നിറം നൽകുകയും ചെയ്യുന്നു.<br>ഒരേരൂപത്തിലുള്ള വസ്തുക്കൾ കണ്ടെത്തി രൂപത്തിന്റെ സമാനത വിശദീകരിക്കുന്നു. | എല്ലാ മാസവും കാസ്സ്ടീച്ചർ<br>പൂക്കള പതിപ്പ് | |
| കച്ചവടം ചെയ്യാം ഉപമേഖല-ഗണിതപഠനം | അളവുകൾ നാണയങ്ങൾ നോട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട ആശയ രൂപീകരണം | ഒരു കൂട്ടം വസ്തുക്കളിൽ നിന്ന് നീളം കൂടിയതും കുറഞ്ഞതും കണ്ടെത്തുന്നു.<br>ഊഹിച്ചുപറയൽ<br>ഊഹം ശരിയാണോ എന്ന് പരിശോധിക്കുന്നു.<br>അംഗീകൃതമല്ലാത്ത ഏകകങ്ങൾ ഉപയോഗിച്ച് നീളം അളക്കുന്നു.<br>കറൻസികളും നാണയങ്ങളും ഉപയോഗിച്ച് ക്രയവിക്രയം നടത്തുന്നു. (1-30)<br>1 നാണയത്തിന് മറ്റു നാണയവുമായുള്ള ബന്ധം കണ്ടെത്തുന്നു. | വർഷത്തിൽ 1<br>കുട്ടികൾ | 1250 |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | നാണയങ്ങൾക്ക് കറൻസിയുമായുള്ള ബന്ധം. സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുത്തുന്നു. | | |

## മോണിറ്ററിംഗ് രീതി

സമയബന്ധിതമായി പ്രവർത്തനങ്ങൾ നടക്കുകയും വിലയിരുത്തൽ സാധ്യമാകുകയും ചെയ്യുക എന്നത് ഏതൊരു പ്രോജക്ടിന്റെയും വിജയത്തിന് മാറ്റുകൂട്ടുന്നു. വിദ്യാലയത്തിന്റെ എച്ച്.എം നെയാണ് മോണിറ്ററിംഗിനായി ഏൽപിച്ചിരിക്കുന്നത്.

## ഉപസംഹാരം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളിലേയ്ക്കെത്തിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണ യത്നത്തിന് മാറ്റുകൂട്ടുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമാകുമെന്ന പ്രതീക്ഷയോടെ സമർപ്പിക്കുന്നു.